**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള നിർമാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കിവരുന്ന സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ള നിർമാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കി വരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>**5 കോടി കിഫ്ബി** പദ്ധതിയിലുൾപ്പെട്ട് 2017ൽ ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്. എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ ഏതാണ്ട് 60%ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇനിയും അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതി വരുകയും കോൺട്രാക്റ്റ് കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ കോൺട്രാക്ടറെ നീക്കം ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കിറ്റ്കോ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2017ൽ ഭരണാനുമതി ലഭിച്ച ജി.ജി.എച്ച്.എസ്.എസ്.വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2019ൽ ഭരണാനുമതി ലഭിച്ച |

| | | | |
|---|---|---|---|
| | | | സി.എം.ജി.എച്ച്.എസ്.എസ്.കുറ്റൂർ, ജി.എച്ച്.എസ്.എസ്.മച്ചാട് എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും നടപ്പാക്കി. പദ്ധതിയുടെ ഭാഗമായി 29 സ്കൂളുകളിലെ 268 ക്ലാസ്മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും 60 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 712ലാപ്ടോപ്പ്, 418 പ്രൊജക്ടർ, 269 എണ്ണം, 110 സ്ക്രീൻ, 43" റ്റി.വി 29 എണ്ണം , 29ഡി.എസ്.എൽ.ആർ, 29 എം.എഫ്.പി, 29 വെബ് ക്യാം, 603 യു.എസ്.ബി സ്പീക്കർ എന്നിവയും സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, എല്ലാ അധ്യാപകർക്കും പ്രത്യേക ഐടി പരിശീലനം, ഡിജിറ്റൽ പഠന വിഭവങ്ങൾക്ക് 'സമഗ്ര' വിഭവ പോർട്ടൽ എന്നിവയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് ഇ-ക്യൂബ് ഇംഗ്ലീഷ് സോഫ്റ്റ്‌വെയർ തുടങ്ങിയവയും സൗജന്യമായി ലഭ്യമാക്കി.**<br><br>പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത നിർമാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട കിഫ്ബി, പ്ലാൻഫണ്ട്, എം.എൽ.എ. ആസ്തിവികസന ഫണ്ട്, ബഡ്ജറ്റ് ഫണ്ട് എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2016 മേയ് മുതൽ നടപ്പിലാക്കി വരുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>**5 കോടി കിഫ്ബി** പദ്ധതിയിലുൾപ്പെട്ട് 2017ൽ ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ ഏതാണ്ട് 60%ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇനിയും അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതി വരുകയും കോൺട്രാക്റ്റ് കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ |

കോൺട്രാക്ടറെ നീക്കം ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കിറ്റ്കോ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2017ൽ ഭരണാനുമതി ലഭിച്ച ജി.ജി.എച്ച്. എസ്.എസ്.വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് 2019ൽ ഭരണാനുമതി ലഭിച്ച സി.എം.ജി.എച്ച്.എസ്.എസ്.കുറ്റൂർ, ജി.എച്ച്.എസ്.എസ്.മച്ചാട് എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളും നടപ്പാക്കി. പദ്ധതിയുടെ ഭാഗമായി 29 സ്കൂളുകളിലെ 268 ക്ലാസ്മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും 60 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 712ലാപ്ടോപ്പ്, 418 പ്രൊജക്ടർ, 269 എണ്ണം, 110 സ്ക്രീൻ, 43” ടി.വി 29 എണ്ണം , 29ഡി.എസ്.എൽ.ആർ, 29 എം.എഫ്.പി, 29 വെബ് ക്യാം, 603 യു.എസ്.ബി സ്പീക്കർ എന്നിവയും സ്കൂളുകൾക്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, എല്ലാ അധ്യാപകർക്കും പ്രത്യേക ഐടി പരിശീലനം, ഡിജിറ്റൽ പഠന വിഭവങ്ങൾക്ക് ‘സമഗ്ര' വിഭവ പോർട്ടൽ എന്നിവയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ക്കൊണ്ട് ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് ഇ-ക്യൂബ് ഇംഗ്ലീഷ് സോഫ്റ്റ്വെയർ തുടങ്ങിയവയും സൗജന്യമായി ലഭ്യമാക്കി.**

പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നിവയുടെ പ്ലാൻഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഹയർ സെക്കണ്ടറി വിഭാഗത്തിന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ അനുവദിച്ച ജി.എച്ച്.എസ്.എസ് മച്ചാട് - നിർമ്മാണം പുരോഗമിക്കുന്നു.<br><br>2021-22 വാർഷിക പദ്ധതിയിൽ ജി.എച്ച്.എസ്.എസ് വടക്കാഞ്ചേരി - 200 ലക്ഷം (2021-22) രൂപ അനുവദിച്ചിട്ടുണ്ട് - നിർമ്മാണം ആരംഭിച്ചിട്ടില്ല.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

### എം.എൽ.എ ഫണ്ട്

| ക്രമനം | സ്കൂൾ | തുക |
|---|---|---|
| 1 | വിവിധ സ്കൂളുകൾ – കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (2018–19) | 40,67,545/– രൂപ |
| 2 | മച്ചാട് യു.എസ്.പി.എസ് (2018–19) | 71,525/– രൂപ |

Namitha.P

സെക്ഷൻ ഓഫീസർ

# അനുബന്ധം – II

## പ്ലാൻ ഫണ്ട് (ബഡ്ജറ്റ് ഫണ്ട്)

| ക്രമനം | സ്കൂൾ | തുക |
|---|---|---|
| 1 | ജി.എച്ച്.എസ്.മച്ചാട് | 2 കോടി (2020–21) |
| 2 | ജി.എൽ.പി.എസ് കട്ടഞ്ചേരി | 1 കോടി (2019–20) |
| 3 | ജി.എൽ.പി.എസ് അടാട്ട് | 1 കോടി (2018–19) |
| 4 | ജി.എൽ.പി.എസ് വടക്കാഞ്ചേരി ബോയ്സ് | 1 കോടി (2021–22) |
| 5 | ജി.എൽ.പി.എസ് വടക്കാഞ്ചേരി ഗേൾസ് | 1 കോടി (2019–20) |
| 6 | ജി.എൽ.പി.എസ് മച്ചാട് | 1 കോടി (2021–22) |
| 7 | ജി.എൽ.പി.എസ് ഓട്ടുപാറ | 1 കോടി (2019–20) |

Namitha.P

സെക്ഷൻ ഓഫീസർ